പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

17.12.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 3664

## ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ടി.എൻ. പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) | ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്താൻ 2011-12 വർഷം 62 പദ്ധതികളും 2012-13 വർഷം 42 പദ്ധതികളും 2013-14 വർഷം 54 പദ്ധതികളും 2014-15 വർഷം 44 പദ്ധതികളും നടപ്പിലാക്കുകയും 2015-16 വർഷം 34 പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു.<br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 1) സംസ്ഥാന തീരദേശ മേഖലയുടെ വികസനം<br>2) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം, താമസയോഗ്യമായ വീട്, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, ശുചിത്വ, ശൗചനാലയം എന്നിവ ലഭ്യമാക്കൽ<br>3) ഭൂരഹിത/ഭവനരഹിത കുടുംബങ്ങൾക്ക് വ്യക്തിഗത ഭവന നിർമ്മാണം സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കൽ<br>4) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നാടൻ വള്ളങ്ങളും എഞ്ചിനുകളും ഇൻഷ്വർ ചെയ്യുക.<br>5) സാമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ പഞ്ഞമാസത്തിൽ ആഴക്കടൽ/ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുക.<br>6) മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യുക.<br>7) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയ്ക്ക് സബ്സിഡി നൽകുക.<br>8) നാടൻ വള്ളങ്ങളുടെ ആധുനികവത്കരണത്തിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10HP യ്ക്ക് താഴെയുള്ള |

| | | | |
|---|---|---|---|
| | | | ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുക.<br>9) സംസ്ഥാനത്തെ 10 ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി വിദ്യാഭ്യാസവും ഭക്ഷണവും മറ്റു സൗകര്യങ്ങളും നൽകുക.<br>10) മത്സ്യവും മത്സ്യ ഇതര ഉത്പന്നങ്ങളെ ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ അന്തരീക്ഷത്തിൽ കച്ചവടം നടത്തുന്നതിന് മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.<br>11) തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വൈവിദ്ധ്യമാർന്ന ജീവനോപാധി രീതികൾ ഉറപ്പുവരുത്തുക.<br>12) മത്സ്യസമൃദ്ധി പദ്ധതിയിലൂടെ ഉൾനാടൻ ജലാശയങ്ങളിലും റിസർവോയറുകളിലും കേജ് കൃഷി അലങ്കാര മത്സ്യങ്ങളുടെ അക്വേറിയം സസ്യങ്ങളുടെയും ഉത്പാദനം, മുത്തുച്ചിപ്പി കൃഷി, മത്സ്യ കർഷക ക്യാമ്പുകളുടെ ശക്തിപ്പെടുത്തൽ.<br>കൂടാതെ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി, നിലവിലുള്ള മത്സ്യബന്ധനോപകരണങ്ങൾക്ക് പകരം പുതിയവ നൽകൽ തുടങ്ങിയ ധാരാളം സേവനങ്ങളാണ് മത്സ്യമേഖലയിലെ കർമ്മ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പുതിയ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ്/ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഭരണാനുമതി നൽകിയ പദ്ധതികൾ ജില്ലാ ഓഫീസർമാർ/ ഏജൻസികൾ വഴി നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതി അവലോകനം ഫിഷറീസ് ഡയറക്ടർ തലത്തിലും സെക്രട്ടറി തലത്തിലും വകുപ്പ് മന്ത്രി തലത്തിലും നടത്തുന്നു. |

Jeyesan

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്